## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1789 | | | 31.01.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|---|
| തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതി | | | | |
| ചോദ്യം | | | ഉത്തരം | |
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.റോജി എം.ജോൺ | | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതി ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) & (ബി) | പദ്ധതി നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നതിനായി സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് എന്ന പേരിൽ SPV രൂപികരിച്ചിട്ടുണ്ട്. പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റിനെ (PMC) തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വരുന്നു. കൺസൾട്ടൻസി കമ്പനിയെ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ല. സ്മാർട്ട്സിറ്റി തിരുവനന്തപുരം ലിമിറ്റഡിന്റെ ബോർഡ് അംഗീകരിക്കുന്ന മുറയ്ക്ക് കൺസൾട്ടൻസി കമ്പനിയെ പ്രഖ്യാപിക്കുന്നതാണ്. | |
| (ബി) | പദ്ധതിയുടെ കൺസൾട്ടൻസി കമ്പനിയെ തെരഞ്ഞെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ് പദ്ധതിയുടെ ചുമതല ഏല്പിക്കുവാനുദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ; | | | |
| (സി) | സാങ്കേതികമായി മുന്നിട്ട് നിൽക്കുന്ന കമ്പനികളുടെ ഫിനാൻഷ്യൽ-ബിഡ് മാത്രമാണോ പരിഗണിച്ചത് എന്ന് വെളിപ്പെടുത്താമോ; | (സി) | സാങ്കേതികവും സാമ്പത്തികവുമായ മാർക്കുകൾ 80:20 എന്ന അനുപാതത്തിലാണ് പരിഗണിച്ചിട്ടുള്ളത്. | |
| (ഡി) | സമയബന്ധിതമായി സ്മാർട്ട് സിറ്റി പദ്ധതി പൂർത്തിയാക്കുന്നതിന് സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ഡി) | സ്മാർട്ട് സിറ്റി പ്രവർത്തനം സമയബന്ധിതമായി നടത്തുന്നതിന്റെ മേൽനോട്ടത്തിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ 15 അംഗങ്ങൾ ഉൾപ്പെട്ട സ്റ്റേറ്റ് ലെവൽ ഹൈ പവേർഡ് സ്റ്റിയറിംഗ് കമ്മിറ്റി രൂപികരിച്ചിട്ടുണ്ട്. സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റിന്റെ സഹായവും കമ്പനിക്ക് ലഭ്യമാണ്. | |
| (ഇ) | എറണാകുളം സ്മാർട്ട് സിറ്റി പദ്ധതിയുടെ നടത്തിപ്പിലുണ്ടായ അപാകതകൾ ഈ പദ്ധതിയിൽ ഉണ്ടാകാതിരിയ്ക്കുവാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോയെന്നുകൂടി വെളിപ്പെടുത്താമോ? | (ഇ) | അപാകതകൾ ഉണ്ടാകാതെ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. | |

സെക്ഷൻ ഓഫീസർ